15218/C1/13/WRD

# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2419 19.06.2013 - ൽ മറുപടിക്ക്

## തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക നീക്കിവെച്ചെന്നും ഇതിൽ എത്ര തുക ചെലവഴിച്ചെന്നും വെളിപ്പെടുത്താമോ ;

(സി) ഓരോ പദ്ധതികളുടെയും പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ), (ബി) & (സി) തലശ്ശേരി നിയോജക മണ്ഡലത്തിൽ 6 കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ പദ്ധതിയുടേയും അടങ്കൽ തുകയും ചെലവഴിച്ച തുകയും അവയുടെ നിർമ്മാണ പുരോഗതിയും വിശദമായി ചുവടെ ചേർക്കുന്നു.

1. തലശ്ശേരി നഗരസഭ പ്രദേശത്തെ തലശ്ശേരി ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണപ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. (യുഡിസ്മാറ്റ്)

ഈ പദ്ധതിയുടെ അടങ്കൽ തുക 4120 ലക്ഷം രൂപയാണ്. ഈ പദ്ധതിക്ക് ഇതുവരെ 1746.51 ലക്ഷം രൂപ ചെലവഴിച്ചു.

ഈ പദ്ധതിയുടെ ഘടകങ്ങളായ, മെഗഡിയിൽ നിന്നും തലശ്ശേരിയിലേയ്ക്കുള്ള ഗ്രാവിറ്റിമെയിൻ (പാക്കേജ് - 1) വിതരണ ശൃംഖലയുടെ ശാക്തീകരണവും ഉന്നതതല സംഭരണിയുടെ നിർമ്മാണവും (പാക്കേജ്-2), റോ വാട്ടർ പമ്പ് ഹൗസ്, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവിടങ്ങളിൽ സ്ഥാപിച്ച മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ മെയിന്റനൻസ് (പാക്കേജ് - 4) എന്നിവയുടെ പ്രവൃത്തികൾ ആരംഭിച്ചു.

വിതരണ ശൃംഖലയുടെ ശാക്തീകരണം, ഉന്നതതല സംഭരണിയുടെ നിർമ്മാണം (പാക്കേജ്-3) എന്നിവയുടെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

2. തലശ്ശേരി നഗരസഭ പ്രദേശത്തെ പാറാൽ ശുദ്ധജലവിതരണ പദ്ധതിയുടെ ടാങ്ക് പുതുക്കിപ്പണിയുന്നതിനും പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

പദ്ധതിയുടെ അടങ്കൽ തുക 8.20 ലക്ഷം രൂപയാണ്. പദ്ധതിക്ക് ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഈ പദ്ധതിയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്.

3. തലശ്ശേരി നഗരസഭ പ്രദേശത്തെ വയലളം പഴശ്ശിക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെ കിണർ നവീകരിക്കുന്നതിനുള്ള പദ്ധതി

പദ്ധതിയുടെ അടങ്കൽ തുക 6.30 ലക്ഷം രൂപയാണ്.

പദ്ധതിക്ക് ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഈ പദ്ധതിയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

4. വരൾച്ച ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി തലശ്ശേരി നഗരസഭാ പ്രദേശത്തെ പൈപ്പ്ലൈൻ നീട്ടി സ്ഥാപിക്കുന്നതിനും കേടായ പൈപ്പുകൾ മാറ്റുന്നതിനും വേണ്ടിയുള്ള പദ്ധതി

പദ്ധതിയുടെ അടങ്കൽ തുക 3.00 ലക്ഷം രൂപയാണ്. ഈ പദ്ധതിക്ക് ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഈ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

5. മലബാർ ക്യാൻസർ സെന്ററിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

ഈ പദ്ധതിയുടെ അടങ്കൽ തുക 180.00 ലക്ഷം രൂപയാണ്. പദ്ധതിയ്ക്ക് ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

പദ്ധതിക്ക് വേണ്ടി പുനർദർഘാസ് ക്ഷണിക്കുകയും ദർഘാസ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. തലശ്ശേരി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതി (സാർക്ക്)

ഈ പദ്ധതിയുടെ അടങ്കൽ തുക 4512 ലക്ഷം രൂപയാണ്. ഈ പദ്ധതിക്ക് ഇതുവരെ 2871.90 ലക്ഷം രൂപ ചെലവഴിച്ചു.

പദ്ധതിയുടെ ഒരു ഘടകമായ 700 എം.എം വ്യാസമുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ 90% പൂർത്തീകരിച്ചു. മറ്റൊരു പ്രധാന ഘടകമായ കിണർ, പമ്പ് ഹൗസ് നിർമ്മാണത്തിനുള്ള പ്രവൃത്തി ഉത്തരവ് നൽകിയിരിക്കുകയാണ്. നിലവിലുള്ള തടയണയുടെയും ഷട്ടറിന്റെയും നവീകരണ പ്രവൃത്തി പൂർത്തീകരിച്ചു. നിർദ്ദിഷ്ട സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി കെ.എസ്.ഇ.ബി-ക്ക് 389 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ